Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്തുകളിൽ നിയമിതരാവുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പരിശീലനം - മുൻ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 1417/2013/തസ്വഭവ. തിരുവനന്തപുരം, തിയതി, 31.05.2013.

പരാമർശം:- 1. സ.ഉ.(സാധാ) 1772/2012/തസ്വഭവ തീയതി 27.06.2012.

2. സ.ഉ.(സാധാ) 665/2013/തസ്വഭവ തീയതി 16.03.2013.

3. ഇൻഫർമേഷൻ കേരള മിഷൻ, എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറുടെ 29.04.2013 ലെ ഐ.കെ.എം/ലോബി/സി.ഡബ്ല്യു.ജി/26/3191/2012 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി സംസ്ഥാനത്തെ 978 ഗ്രാമ പഞ്ചായത്തുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഒരു വർഷത്തേക്ക് മാത്രം നിയമിക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്രകാരം നിയമിതരാവുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് കില മുഖാന്തിരം 12 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ കില മുഖേന പരിശീലനം നടത്തുന്നതിന് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും ആയതിനാൽ കില മുഖേനയുള്ള പരിശീലനം എന്നത് ഐ.കെ.എം മുഖേന എന്നാക്കി പരാമർശം (2) ലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്നും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ പരാമർശം (3) കത്തിലൂടെ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തുകളിൽ നിയമിതരാവുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് കില മുഖേന നടത്താൻ നിശ്ചയിച്ചിരുന്ന 12 ദിവസത്തെ പരിശീലന പരിപാടി ഇൻഫർമേഷൻ കേരള മിഷൻ മുഖേന നടത്തുന്നതിന് അനുമതി നൽകിയും പരാമർശം (2) ലെ സർക്കാർ ഉത്തരവ് അത്രമാത്രം ഭേദഗതി ചെയ്തും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ബി. സുരേന്ദ്രൻ പിള്ള
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, കില.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ